**പതിനഞ്ചാം കേരള നിയമസഭ**

**എസ്റ്റിമേറ്റ്സ് കമ്മിറ്റി**
**(2023-26)**

**ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്**

# ഗോത്ര-തീരദേശ-വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്

(2026 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026

പതിനഞ്ചാം കേരള നിയമസഭ

എസ്റ്റിമേറ്റ്സ് കമ്മിറ്റി

(2023-26)

ഇരുപത്തിയൊൻപതാമത് റിപ്പോർട്ട്

**ഗോത്ര-തീരദേശ-വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്**

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം I | : | 9 |
| അനുബന്ധം II | : | 15 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26)

## ഘടന

**ചെയർപേഴ്സൺ**

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ

**അംഗങ്ങൾ**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. പി.പി. ചിത്തരഞ്ജൻ

ശ്രീ. ജി.എസ്. ജയലാൽ

ശ്രീ. കോവൂർ കുഞ്ഞുമോൻ

ശ്രീ. എം.എം. മണി

ശ്രീ. മുരളി പെരുനെല്ലി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. പി.ടി.എ. റഹീം

ശ്രീ. എൻ. ഷംസുദ്ദീൻ

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. ഷാജി സി. ബേബി, സെക്രട്ടറി-ഇൻ-ചാർജ്ജ്

ശ്രീ. സന്തോഷ്കുമാർ ആർ.എസ്., ജോയിന്റ് സെക്രട്ടറി

ശ്രീ. ജയകുമാർ ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. വിനോദ്കുമാർ എം.കെ., അണ്ടർ സെക്രട്ടറി

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2023-26) -യുടെ ചെയർപേഴ്സണായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ഇരുപത്തിയൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ധനാഭ്യർത്ഥന XVIII- വൈദ്യസഹായവും പൊതുജനാരോഗ്യവും - സബ് മേജർ ഹെഡ് 2210-03-110-93 എന്ന ശീർഷകത്തിൻ കീഴിൽ, സംസ്ഥാനത്തെ ഗോത്ര-തീരദേശ-വിദൂരപ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച പഠനം നടത്തുന്നതിനായി സമിതി തീരുമാനിക്കുകയും ആയതിലേക്കായി ആരോഗ്യ കുടുംബക്ഷേ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും ആയതിന്മേൽ ചോദ്യാവലി തയ്യാറാക്കുകയും സമിതിയുടെ 28.11.2024-ലെ യോഗത്തിൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സമിതി നടത്തിയ തെളിവെടുപ്പിന്റെയും വകുപ്പിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ സമിതിയുടെ നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 23-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

**കെ.കെ. ശൈലജ ടീച്ചർ,**
ചെയർപേഴ്സൺ,
എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി 24

## റിപ്പോർട്ട്

സാമൂഹിക ആരോഗ്യ രംഗങ്ങളിൽ കേരളം രാജ്യത്ത് മുൻനിരയിൽ നിൽക്കുന്ന സംസ്ഥാനം എന്ന നിലയ്ക്ക് അതിന്റെ ആരോഗ്യ സൗകര്യങ്ങളുടെ വ്യാപ്തിയും നിലവാരവും സംസ്ഥാനത്തിന്റെ പുരോഗതിയുടെ പ്രധാന സൂചികകളാണ് . ആരോഗ്യരംഗത്തെ 'കേരള മോഡൽ' ദേശീയ തലത്തിൽ വളരെ പേരുകേട്ടതാണെന്നിരിക്കിലും ആകെയുള്ള ഈ അംഗീകാരം , പ്രത്യേകിച്ച് ഗോത്ര-തീരദേശ-വിദൂര പ്രദേശങ്ങളിലെ അരികുവൽക്കരിക്കപ്പെട്ട സമൂഹങ്ങൾ അനുഭവിക്കുന്ന ആരോഗ്യപരിപാലന സൗകര്യങ്ങളിലെ അസമത്വങ്ങളുടെ പരിഹാരത്തിന് പര്യാപ്തമാകുന്നില്ല. അടിസ്ഥാന ആരോഗ്യ സൗകര്യങ്ങളുടെ അഭാവം, ഈ പ്രദേശങ്ങളിലെ ജനതയുടെ പരിപൂർണ്ണമായ ആരോഗ്യ സംരക്ഷണത്തിന് വെല്ലുവിളി ഉയർത്തുന്നു. ഭൂമിശാസ്ത്രപരമായ പരിമിതികൾ, റോഡ്-ഗതാഗത സൗകര്യങ്ങളുടെ കുറവ് എന്നിവ ആരോഗ്യ സംരക്ഷണ സേവനങ്ങളുടെ സമയബന്ധിത ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു . മൊബൈൽ മെഡിക്കൽ യൂണിറ്റുകളും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും ഉൾപ്പെടെയുള്ള നിരവധി ദേശീയ-സംസ്ഥാന സംരംഭങ്ങൾ ഈ മേഖലകളിൽ ആരംഭിച്ചിട്ടുണ്ടെങ്കിലും, അവ നടപ്പാക്കുന്നതിലും സേവന വിതരണത്തിലും ഗണ്യമായ വിടവുകൾ നിലനിൽക്കുന്നതായി കാണാം. ഇത്തരം സാഹചര്യങ്ങൾ ഈ പ്രദേശത്തെ ജനവിഭാഗങ്ങൾ നേരിടുന്ന ആരോഗ്യ സംരക്ഷണ വെല്ലുവിളികൾ സങ്കീർണവും ബഹുമുഖ സമീപനം ആവശ്യപ്പെടുന്നതുമാക്കിത്തീർക്കുന്നു. ഈ ജനതയുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ആരോഗ്യ സ്ഥാപന സൗകര്യങ്ങൾ ഗുണപരമായി വർദ്ധിപ്പിക്കുക, സേവനങ്ങളുടെ സന്തുലിതമായ ലഭ്യത ഉറപ്പാക്കുക, ഗതാഗതം സുഗമമാക്കുക, വിവിധ ഭൗമ-സാമൂഹിക-സാമ്പത്തിക തടസ്സങ്ങൾ പരിഹരിക്കുക എന്നിവ ഊർജ്ജിതമായി പരിഗണിക്കേണ്ട ഘടകങ്ങളാണ്.

**ആദിവാസി സമൂഹങ്ങൾ:**

ഉയർന്ന നിലയിലെ പോഷകാഹാരക്കുറവ് , പകർച്ചവ്യാധികൾ, മാതൃ-ശിശു മരണനിരക്ക് എന്നിവ ഇവർക്കിടയിൽ പലപ്പോഴും അനുഭവപ്പെടുന്നുണ്ട്. ഭൂമിശാസ്ത്രപരമായ ഒറ്റപ്പെടൽ, കുറഞ്ഞ സാക്ഷരത , ദാരിദ്ര്യം, പരമ്പരാഗത

രീതികളുടെ ആശ്രയം എന്നിവ ഈ സമൂഹത്തിൽ ആധുനിക ആരോഗ്യ സേവനങ്ങളുടെ ഉപയോഗശൂന്യതയിലേക്ക് നയിക്കുന്ന ഘടകങ്ങളാണ്.

**തീരദേശ സമൂഹങ്ങൾ:**

ശുചിത്വ സൗകര്യങ്ങളുടെ കുറവ് , പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങൾക്ക് ഈ സമൂഹം ഇരയാകുന്നു . മറ്റ് അരികുവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾ നേരിടുന്ന പൊതുവായ സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങളും ഇവർ അഭിമുഖീകരിക്കുന്നു.

**വിദൂര പ്രദേശങ്ങൾ:**

അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം , ഗതാഗത പരിമിതി, മെഡിക്കൽ ജീവനക്കാരുടെ ലഭ്യതക്കുറവ് എന്നിവയാൽ അടിയന്തര പരിചരണത്തിലും പരിശോധനകളിലും ഇത്തരം മേഖലകളിൽ കാലതാമസം നേരിടുന്നുണ്ട്.

ഗോത്ര-തീരദേശ-വിദൂരപ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ച ബഡ്ജറ്റ് വിഹിത വിനിയോഗത്തെക്കുറിച്ച് പഠനം നടത്താൻ സമിതി(2021-23), തീരുമാനിക്കുകയും തുടർന്ന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിൽ നിന്നും ധനാഭ്യർത്ഥന **XVIII-ലെ 2210-03-110-93** എന്ന ശീർഷകത്തിന്മേൽ വിവരശേഖരണം നടത്തുകയുമുണ്ടായി. പ്രസ്തുത ശീർഷകവുമായി ബന്ധപ്പെട്ട ബഡ്ജറ്റ് വിഹിത വിനിയോഗം വിലയിരുത്തുന്നതിനും സമിതി നടത്തിയ പഠനത്തിന്റെയും മറ്റ് അനുബന്ധ രേഖകളുടെയും വിശകലനത്തിന്റെയും അടിസ്ഥാനത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ശിപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിനും തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2210-03-110-93 എന്ന ശീർഷകത്തിൻ കീഴിൽ ഗോത്ര തീരദേശ വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം പതിനഞ്ച് കോടി രൂപ വകയിരുത്തി ഭരണാനുമതി നൽകിയിരുന്നു. തുടർന്നങ്ങോട്ട് പദ്ധതി വിഹിതത്തിന് അനുസരിച്ചും വിവിധ പ്രദേശങ്ങളിലെ ആവശ്യങ്ങൾ പരിശോധിച്ചും ലഭിക്കുന്ന പ്രൊപ്പോസലുകൾ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റ് തലത്തിലും സർക്കാർ തലത്തിലും പരിശോധിച്ചു1

മുൻഗണനാ ക്രമത്തിലാണ് പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതെന്ന് സമിതി മനസ്സിലാക്കുന്നു. ഓരോ സാമ്പത്തിക വർഷവും ഇത്തരത്തിൽ ലഭിക്കുന്ന പ്രൊപ്പോസലുകൾ വിലയിരുത്തി ആവശ്യമെങ്കിൽ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് എല്ലാ ജില്ലകളിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകാറുണ്ട്.

സംസ്ഥാന ജനസംഖ്യയുടെ 1.45% വരുന്ന പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുവാൻ വിവിധ വകുപ്പുകളുടെ സംയോജിത പ്രവർത്തനം ആവശ്യമാണ്. ഈ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനത്തിനും മാനവ ശേഷി വികസനത്തിനും ഊന്നൽ നൽകിയിട്ടുള്ള പ്രവർത്തനങ്ങൾ ആദിവാസി മേഖലയിൽ നടന്നുവരുന്നതായി സമിതി മനസ്സിലാക്കുന്നു. സംസ്ഥാന സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമം , സാമൂഹ്യനീതി, വനിതാ ശിശു വികസനം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, വിദ്യാഭ്യാസം, തുടങ്ങി വിവിധ വകുപ്പുകൾ, സാമൂഹ്യ സുരക്ഷാ മിഷൻ , ദേശീയാരോഗ്യ ദൗത്യം , തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഫണ്ടുകൾ ഉപയോഗിച്ച് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

## സമഗ്രമായ പ്രാഥമികാരോഗ്യ സേവനങ്ങൾ

## [ Comprehensive Primary Health Care ]

* കുട്ടികളിലും ഗർഭിണികളിലും പോഷകാഹാരക്കുറവ്, വിളർച്ച എന്നിവ തടയുവാനുള്ള പ്രവർത്തനങ്ങൾ.
* ഗർഭകാലം പ്രസവ- പ്രസവാനന്തര പരിചരണം.
* പ്രതിരോധ കുത്തിവയ്പ്പുകൾ.
* ആദിവാസി ഊരുകളിലെ ആദിവാസി ഗോത്രവർഗ്ഗക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് വേണ്ടി ആദിവാസി സ്ത്രീകളുടെ ഇടയിൽ നിന്നും 'ഊരുമിത്രം പദ്ധതി' വഴി പരിശീലനം നൽകിയ ഹാംലറ്റ് ആശാവർക്കർമാരെ നിയമിച്ചിട്ടുണ്ട്.
* പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ സേവനം ലഭ്യമാകാത്ത ഇടങ്ങളിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന സേവനം ലഭ്യമാക്കുന്നു. ആരോഗ്യവകുപ്പ്, പട്ടികജാതി വികസന വകുപ്പ്, ദേശീയാരോഗ്യ ദൗത്യം എന്നിവ മുഖേന മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട് .

* പകർച്ചേതര വ്യാധികൾ, അർബുദം, സാംക്രമിക രോഗങ്ങൾ എന്നിവ കണ്ടു പിടിക്കുന്നതിനും തുടർ പരിചരണം നൽകുന്നതിനും, ഇ-ഹെൽത്ത്/സി-ഡാക്ക് മുഖേനെയുള്ള SHAILI Application ഉപയോഗിച്ച് വരുന്നു.

* പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന "Digitally Connected Tribal Colonies" പദ്ധതി മുഖേന സി-ഡാക്ക്-മായി ചേർന്ന് ആധുനിക ക്യാൻസർ സ്ക്രീനിംഗ് സംവിധാനം വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.

* പാലക്കാട്, വയനാട് ജില്ലകളിൽ പോഷകാഹാര കുറവുള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി 'ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ സെന്ററുകൾ' (NRC) പ്രവർത്തിക്കുന്നുണ്ട്.

* ആർ.ബി.എസ്.കെ. [ Rashtriya Bal Swasthya Karyakram (RBSK) ] സേവനങ്ങൾ നൽകുന്നതിന് മൊബൈൽ ഹെൽത്ത് യൂണിറ്റുകൾ എല്ലാ ജില്ലകളിലും പട്ടികവർഗ്ഗ മേഖലകളിൽ പ്രവർത്തിക്കുന്നു. ഇവ ഉപയോഗിച്ച് RBSK നഴ്സുമാർ ആദിവാസി മേഖലയിലെ അംഗനവാടികളും സ്കൂളുകളും സന്ദർശിക്കുന്നു.

* ജില്ലാ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി ട്രൈബൽ മേഖലകളിൽ പ്രത്യേക മാനസികാരോഗ്യ ക്ലിനിക്കുകൾ സംഘടിപ്പിച്ചുവരുന്നു.

* പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ , കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സബ്സെന്ററുകൾ മുഖേനയും വിവിധ സേവനങ്ങൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നൽകിവരുന്നു.

**Secondary / Teritiary Care Services**

*താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ മുഖേന ആദിവാസികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നു . പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക്, ജനറൽ, സ്പെഷ്യാലിറ്റി ആശുപത്രികൾ ഉൾപ്പെടെ 195 ആരോഗ്യ സ്ഥാപനങ്ങൾ വഴി സേവനം നൽകി വരുന്നു.

* ഇവയിൽ 50 സ്ഥാപനങ്ങളിൽ IP സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്.

* 18 സ്ഥാപനങ്ങളിൽ പ്രസവ / പ്രസവാനന്തര സേവനം നൽകാനുള്ള സൗകര്യം ലഭ്യമാണ്.

* പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന "Comprehensive Healthcare Project for Scheduled Tribers" മുഖേന ആശുപത്രികൾക്ക് ധനസഹായം നൽകുന്നു.

* കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, വയനാട് ജില്ലയിലെ നല്ലൂർനാട് ആശുപത്രി  എന്നിവ ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സ്പെഷ്യാലിറ്റി ആശുപത്രികളാണ്.

* അടിസ്ഥാനസൗകര്യ വികസനവും സേവനങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി ഉൾപ്പെടെ ആദിവാസി മേഖലയിൽ വിവിധ ആശുപത്രികൾക്ക് NQAS (National Quality Assurance Standards) സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

* അരിവാൾ രോഗം ഉള്ളവരെ (Sickle Cell Disease) കണ്ടുപിടിക്കുന്നതിനും ആവശ്യമായ പരിചരണം നൽകുവാനും ട്രൈബൽ മേഖലയിൽ മിഷൻ മോഡിൽ പ്രവർത്തനം നടത്തുകയും ഡിജിറ്റൽ ഡാറ്റാബേസ് രൂപീകരിക്കുകയും ചെയ്യുന്നുണ്ട്.  ഇതിന്റെ പ്രവർത്തനങ്ങൾ വയനാട് ജില്ലയിലും മലപ്പുറം ജില്ലയിലെ നിലമ്പൂരിലും പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിലും ആരംഭിച്ചിട്ടുണ്ട്.

**പട്ടികജാതി വിഭാഗത്തിന്റെ ആരോഗ്യവുമായി ബന്ധപ്പെട്ട ശ്രദ്ധിക്കേണ്ട മേഖലകൾ**

* സ്വീകാര്യമായ പോഷകാഹാര ലഭ്യത
* കുടിവെള്ള ലഭ്യത
* സാനിറ്ററി സൗകര്യങ്ങളുടെ ലഭ്യത
* നവജാതശിശുക്കളുടെയും ഗർഭിണികളുടെയും പരിചരണം
* മദ്യം, മയക്കുമരുന്ന് എന്നിവയുടെ നിയന്ത്രണം
* മാനസികാരോഗ്യ സേവനങ്ങൾ
* ക്ഷയരോഗം, കുഷ്ഠരോഗം തുടങ്ങിയ പകർച്ചവ്യാധികളുടെ നിർമ്മാർജ്ജനവും ഹൈപ്പറ്റൈറ്റിസ്  പോലുള്ള പകർച്ചവ്യാധികളുടെ നിയന്ത്രണവും
* അരിവാൾ രോഗം,  മറ്റ് ജനിതക അസുഖങ്ങൾ എന്നിവയുടെ ചികിത്സയും നിയന്ത്രണവും
* നായകടി, പാമ്പുകടി, മറ്റു മൃഗങ്ങളുടെ ആക്രമണം എന്നിവയേൽക്കുന്നവർക്കുള്ള അടിയന്തര ചികിത്സയും പരിചരണവും

## സമിതിയുടെ ശിപാർശകൾ

1) സംസ്ഥാനത്തിന്റെ ഗോത്ര -തീരദേശ-വിദൂര പ്രദേശത്തെ നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ (PHC-കൾ) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി (FHC-കൾ) ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും എത്തിച്ചേരാൻ പ്രയാസമുള്ള സ്ഥലങ്ങളിൽ, മെച്ചപ്പെട്ട ഉപകരണങ്ങൾ, മരുന്നുകൾ, ജീവനക്കാർ എന്നിവ ഉപയോഗിച്ച് മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മെച്ചപ്പെടുത്തുവാനും അടിയന്തര സേവനങ്ങളിലെ കാലതാമസം കുറയ്ക്കുന്നതിന് റോഡ് കണക്റ്റിവിറ്റി മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

2) ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർക്ക് ഗോത്ര-തീരദേശ-വിദൂര മേഖലകളിൽ സേവനം നൽകുന്നതിന് പ്രോത്സാഹനങ്ങൾ നൽകിക്കൊണ്ട് ആരോഗ്യ സംരക്ഷണ വിദഗ്ധരുടെ കുറവ് പരിഹരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

3) ദുർബല സമൂഹങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനായി പ്രത്യേകമായി റിക്രൂട്ട്മെന്റ് ഡ്രൈവുകൾ നടപ്പിലാക്കുകയും പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുകയും അംഗീകൃത സോഷ്യൽ ഹെൽത്ത് ആക്ടിവിസ്റ്റുകൾ (ആശാസ്) പോലുള്ള പ്രാദേശിക കമ്മ്യൂണിറ്റി ഹെൽത്ത് പ്രവർത്തകരെ ലെയ്സൺമാരായി പ്രവർത്തിക്കാൻ ഉൾപ്പെടുത്തുകയും ശാക്തീകരിക്കുകയും ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

4) ഗോത്ര-തീരദേശ-വിദൂര പ്രദേശങ്ങളിലെ ജനവിഭാഗങ്ങൾക്ക് ഓരോ രോഗത്തിനുമുള്ള സ്പെഷ്യലിസ്റ്റുകളെ സമീപിക്കുന്നതിലെ വിടവ് നികത്താനും തുടർച്ചയായ പരിചരണം നൽകുന്നതിനും കേന്ദ്രീകൃത ആരോഗ്യ ഡാറ്റാബേസുകൾ സൃഷ്ടിക്കുന്നതിനും വിദൂര ടെലികൺസൾട്ടേഷൻ സേവനങ്ങൾ പ്രാപ്തമാക്കുന്നതിനും കേരള ഇ-ഹെൽത്ത് സംവിധാനം പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5) ആരോഗ്യ സംരക്ഷണ ആസൂത്രണത്തിലും തീരുമാനമെടുക്കലിലും ഗോത്ര കൗൺസിലുകൾ (ഊരുകൂട്ടങ്ങൾ), മത്സ്യത്തൊഴിലാളി പ്രതിനിധികൾ എന്നിവരുൾപ്പെടെയുള്ള പ്രാദേശിക സമൂഹങ്ങളെ ഉൾപ്പെടുത്തുവാനും

സാംസ്കാരികമായും ഭാഷാപരമായും അനുയോജ്യമായ ആരോഗ്യ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുവാനും രോഗപ്രതിരോധത്തെയും ശുചിത്വത്തെയും കുറിച്ച് അവബോധം വളർത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

6) എല്ലാ ആരോഗ്യ സംരക്ഷണ വിദഗ്ധർക്കും സാംസ്കാരിക യോഗ്യതാ പരിശീലനം നൽകുവാനും പരമ്പരാഗത ചികിത്സാ രീതികളെ അംഗീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തുകൊണ്ട് വിശ്വാസം വളർത്തുന്നതിനായി അവയെ ആധുനിക വൈദ്യശാസ്ത്രവുമായി സംയോജിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

7) ഗോത്ര-തീരദേശ-വിദൂര പ്രദേശങ്ങളിലെ അമ്മമാരെയും കുട്ടികളെയും പരിശോധിക്കുന്നതിനും കൗൺസിലിംഗിനും മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ ഉപയോഗിച്ച് പോഷകാഹാര പുന:രധിവാസ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

8) വയനാട്, പാലക്കാട് തുടങ്ങിയ പ്രദേശങ്ങളിൽ സിക്കിൾ സെൽ അനീമിയ പോലുള്ള രോഗങ്ങളുടെ ഉയർന്ന വ്യാപനം കണക്കിലെടുത്ത് , സ്ക്രീനിംഗ്, ജനിതക കൗൺസിലിംഗ്, ചികിത്സ എന്നിവയ്ക്കായി സമഗ്ര പരിചരണ സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

9) ആദിവാസി സമൂഹങ്ങളിൽ സാധാരണയായി കാണപ്പെടുന്ന പകർച്ചവ്യാധികൾ ഫലപ്രദമായി ട്രാക്ക് ചെയ്യുന്നതിനും കൈകാര്യം ചെയ്യുന്നതിനുമായി നിരീക്ഷണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

10) ആദിവാസി സമൂഹങ്ങളിൽ കാര്യമായ സ്വാധീനം ചെലുത്തുന്ന മദ്യപാനത്തിനും ലഹരിവസ്തുക്കളുടെ ദുരുപയോഗത്തിനുമെതിരെ ലക്ഷ്യമിട്ടുള്ള ബോധവൽക്കരണ കാമ്പെയ്നുകൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

11) സാംക്രമിക രോഗങ്ങളും ജലജന്യ രോഗങ്ങളും തടയാൻ സഹായിക്കുന്ന പരിസ്ഥിതി ശുചിത്വം, മികച്ച പൊതു ശുചിത്വം , ഫലപ്രദമായ മാലിന്യ നിർമാർജനം എന്നിവ ഉറപ്പാക്കാൻ തീരദേശ പ്രദേശങ്ങൾക്കായി പ്രത്യേക കർമ്മ

പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

12) മത്സ്യത്തൊഴിലാളി സമൂഹത്തിന് പ്രത്യേകമായി രൂപകൽപ്പന ചെയ്ത പ്രതിരോധ, രോഗശാന്തി, പാലിയേറ്റീവ് സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

13) ഗോത്ര-തീരദേശ-വിദൂര പ്രദേശങ്ങളിലെ ജനവിഭാഗങ്ങളെ ശാക്തീകരിക്കുന്നതിന് ഡിജിറ്റൽ ആരോഗ്യ സാക്ഷരത പ്രോത്സാഹിപ്പിക്കുകയും കമ്മ്യൂണിറ്റി അധിഷ്ഠിത പരിപാടികൾ നടത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

14) ഗോത്ര-തീരദേശ-വിദൂര പ്രദേശങ്ങളിലെ ജനവിഭാഗങ്ങളുടെ മാനസികാരോഗ്യ പ്രശ്നങ്ങൾ, ആത്മഹത്യ, ലഹരിവസ്തുക്കളുടെ ദുരുപയോഗം എന്നിവ പരിഹരിക്കുന്നതിനും മാനസിക പിന്തുണ നൽകുന്നതിനുമായി ഔട്ട്റീച്ച് ക്ലിനിക്കുകളും ഡേ-കെയർ സെന്ററുകളും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

സാങ്കേതിക നവീകരണവും സാംസ്കാരികമായി ക്രിയാത്മകമായ സാമൂഹ്യ ഇടപെടലും സംയോജിപ്പിക്കുന്ന ഒരു സമഗ്ര മാർഗ്ഗം സ്വീകരിക്കുന്നതിലൂടെ , സംസ്ഥാനത്തിന് അതിന്റെ ഗോത്ര-തീരദേശ-വിദൂര പ്രദേശങ്ങളിലെ സ്ഥിരമായ ആരോഗ്യ അസമത്വങ്ങൾ പരിഹരിക്കാൻ കഴിയും. മേൽ സൂചിപ്പിച്ച സമിതിയുടെ ശിപാർശകൾ നടപ്പാക്കുന്നതിലൂടെ ആരോഗ്യ സ്ഥാപനങ്ങളുടെ ശേഷി മെച്ചപ്പെടുത്തുക മാത്രമല്ല, എല്ലാ പൗരന്മാർക്കും കൂടുതൽ സ്ഥിരതയുള്ളതും തുല്യവുമായ ആരോഗ്യ സംവിധാനം സൃഷ്ടിക്കുമെന്നും നമുക്ക് പ്രത്യാശിക്കാം.

**കെ.കെ. ശൈലജ ടീച്ചർ,**

ചെയർപേഴ്സൺ,

എസ്റ്റിമേറ്റ്സ് കമ്മിറ്റി.

തിരുവനന്തപുരം,

2026 ഫെബ്രുവരി 24

## അനുബന്ധം I

## ഗോത്ര പ്രദേശത്തെ ആശുപത്രി വികസനത്തിനായുള്ള പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ

**തിരുവനന്തപുരം:** ഗോത്ര പ്രദേശത്തെ ആശുപത്രികളുടെ വികസനത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വിതുര താലൂക്ക് ആശുപത്രിയിൽ പുതിയ കെട്ടിടനിർമ്മാണത്തിനായി 200 ലക്ഷം രൂപ അനുവദിച്ചു. ടി തുക ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണം 90% പൂർത്തിയായിട്ടുണ്ട്.

**ഇടുക്കി:** ജില്ലയിലെ ഗോത്രവർഗ്ഗ പ്രദേശത്ത് സ്ഥിതി ചെയ്യുന്ന ഇടമലക്കുടി കുടുംബാരോഗ്യകേന്ദ്രത്തോട് അനുബന്ധിച്ച് സോളാർ പാനൽ സ്ഥാപിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. തുടർന്ന് ANERT-നെ നിർവ്വഹണ ഏജൻസി ആയി നിശ്ചയിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്ലാൻ ഫണ്ടിൽ നിന്നും 18.85 ലക്ഷം രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് ടി പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുള്ളതാണ്.

**എറണാകുളം:** മൂവാറ്റുപുഴ ജനറൽ ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള 50 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഈ പദ്ധതി ഇപ്പോൾ പരിഗണിക്കേണ്ട എന്ന് സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

**പാലക്കാട്:**

| ക്രമ നം. | പദ്ധതി | എസ്റ്റിമേറ്റ് തുക (₹) | റിമാർക്സ് |
|---|---|---|---|
| 1. | ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ കോട്ടത്തറയിൽ സ്ക്രീനിംഗ് ബ്ലോക്ക് നിർമ്മാണം | 31,00,000/- | 31,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 2. | ഒ.പി. ബ്ലോക്ക് നിർമ്മാണം | 34,00,000/- | 34,00,000/- രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 3. | കാൻറ്റീൻ സ്റ്റോർ നിർമ്മാണം | 21,00,000/- | 21,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4. | ആശുപത്രി കെട്ടിടം പെയിന്റിംഗ് വർക്സ് | 12,50,000/- | 12,50,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 5. | പുതിയ ഡയാലിസിസ് യൂണിറ്റ്, കീമോതെറാപ്പി കെട്ടിട നിർമ്മാണം | 85,90,000/- | 1,00,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 6. | ഡോർമിറ്ററി റാമ്പിന്റെ നിർമ്മാണം | 1,40,00,000/- | 1,40,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 7. | ഫിസിയോതെറാപ്പി, സ്പെഷ്യൽ എഡ്യൂക്കേഷൻ കൗൺസലിംഗ് ഡേകെയർ ഫിറ്റ്നസ് സെന്റർ | 40,00,000/- | 40,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 8. | ഫയർ ഫൈറ്റിംഗ് സിസ്റ്റം (സംപ് & പമ്പ് ഹൗസ്) | 20,00,000/- | 20,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 9. | സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം | 1,50,00,000/- | 1,89,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 10. | ഡോക്ടേഴ്സ് ക്വാർട്ടേഴ്സ് രണ്ടാം നില നിർമ്മാണം | 56,00,000/- | 71,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 11. | റോഡ്, റൂഫ്, കോമ്പൗണ്ട് വാൾ, സെപ്റ്റിക് ടാങ്ക് നിർമ്മാണം | 32,00,000/- | ഭരണാനുമതി ആയിട്ടില്ല |
| 12. | സി.ടി. സ്കാൻ & ഓഫീസ് | 90,00,000/- | ഭരണാനുമതി ആയിട്ടില്ല |

| | | | |
|---|---|---|---|
| | ബ്ലോക്ക് | | |

**മലപ്പുറം :** 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോസ്റ്റൽ ട്രൈബൽ ഏരിയയിലുള്ള സ്ഥാപനങ്ങളുടെ വികസനത്തിൽ ഉൾപ്പെടുത്തി കരുളായി എഫ്.എച്ച്.സി.-ക്ക് ഫാർമസി കെട്ടിട നിർമ്മാണത്തിനായി 36,50,000/- രൂപ അനുവദിച്ചിരുന്നു. ആയതിൽ 28,18,399/- രൂപ വിനിയോഗിച്ച് ഫാർമസി കെട്ടിടത്തിന്റെ കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഫാർമസി കെട്ടിടത്തിന്റെ ഫിനിഷിംഗ് വർക്കുകളും, അനുബന്ധ വർക്കുകളും പൂർത്തീകരിക്കുന്നതിന് 20 ലക്ഷം രൂപ അധികമായി അനുവദിക്കുന്നതിനായുള്ള അധിക എസ്റ്റിമേറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാക്കിയിരുന്നു . ഇത് യഥാർത്ഥ എസ്റ്റിമേറ്റിനേക്കാൾ 32% കൂടുതലാണ്. ഇത്തരം വർദ്ധനവിന്റെ കാരണം, അല്ലെങ്കിൽ എല്ലാ ഇനങ്ങളും യഥാർത്ഥ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**കോഴിക്കോട്:** പുതുപ്പാടി കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിനായി സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. പ്രവൃത്തി ടെൻഡർ ചെയ്യുകയും 03.12.2022-ന് കരാറുകാരന് നിർമ്മാണത്തിനായി സ്ഥലം കൈമാറുകയും ചെയ്തിട്ടുണ്ട്. നിലവിൽ 40% പ്രവൃത്തി പൂർത്തീകരിച്ചു. പന്നിക്കോട്ടൂർ പി.എച്ച്.സി.യുടെ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന്റെ പ്രാഥമിക ഫൗണ്ടേഷൻ നിലയിലുള്ള പില്ലർ പ്രവൃത്തി പൂർത്തിയായിട്ടുണ്ട് . വേറെ പ്രൊപ്പോസലുകൾ ഒന്നും സമർപ്പിച്ചിട്ടില്ല.

**വയനാട് :**

| ക്രമ നം. | ഭരണാനുമതി ലഭിച്ചവ | ഭരണാനുമതി ലഭിക്കാത്തവ | റിമാർക്സ് |
|---|---|---|---|
| 1. | ഇമ്മ്യൂണൈസേഷൻ ബ്ലോക്ക്, സി.എച്ച്.സി. പൊരുന്നന്നൂർ | | 11.08.2024-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 2. | | പുതിയ ഒ.പി. | ഡി.പി.ആർ. തയ്യാറാക്കി |

| | | | |
|---|---|---|---|
| | | കെട്ടിടം, സി.എച്ച്,സി. പേരിയ | വരുന്നു. |
| 3. | സി.എച്ച്.സി.-കളെ BPHC-കളായി ഉയർത്തൽ സി.എച്ച്.സി. പുൽപ്പള്ളി | | ദോശീയ ആരോഗ്യ ദൗത്യം മുഖേന പ്രവൃത്തി നടക്കുന്നതാണ്. |
| 4. | | STP സ്ഥാപിക്കൽ ജനറൽ ആശുപത്രി കൽപ്പറ്റ | ഡി.പി.ആർ. തയ്യാറാക്കി വരുന്നു. |
| 5. | മോഡേൺ മോർച്ചറി കെട്ടിടം, മാനന്തവാടി ജില്ലാ ആശുപത്രി | | സൈറ്റിലെ ആർ.എം.ഒ. ക്വാർട്ടേഴ്സ് കെട്ടിടം പൊളിച്ചുമാറ്റാതെ നിലവിലെ മോർച്ചറി കെട്ടിടം നവീകരിക്കുന്നതിന്റെ സാധ്യത പരിശോധിച്ചു വരുന്നു. |
| 6. | മോഡൽ മോർച്ചറി കെട്ടിടം, താലൂക്ക് ആസ്ഥാന ആശുപത്രി, വൈത്തിരി | | പ്രാരംഭ നടപടികൾ നടന്നുവരുന്നു. |
| 7. | പുതിയ പി.എച്ച്.സി. കെട്ടിട നിർമ്മാണം, പി.എച്ച്.സി., പാക്കം | | ദേശീയ ആരോഗ്യ ദൗത്യം ROP മുഖേന ഫണ്ട് അനുവദിച്ചിട്ടുണ്ട്. |

**ആലപ്പുഴ** ജില്ലയിൽ ഗോത്രപ്രദേശങ്ങളില്ല. **കൊല്ലം, പത്തനംതിട്ട, കോട്ടയം, തൃശ്ശൂർ, കാസർഗോഡ്** ജില്ലകളിൽ നിന്നും പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടില്ല.

ഹീമോഫീലിയ, സിക്കിൾ സെൽ അനീമിയ, തലാസീമിയ തുടങ്ങിയ രോഗബാധിതർക്കായി നടപ്പിലാക്കി വരുന്ന സമഗ്രവും വികേന്ദ്രീകൃതവുമായ പദ്ധതിയാണ്

***ആശാധാര.*** കേരളത്തിൽ ആശാധാര പദ്ധതിയിൽ ഇതു വരെ 3415 രോഗികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവർക്കുള്ള സമഗ്ര ചികിത്സ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും ജില്ലാ ഡെ കെയർ സെന്ററുകൾ ആരംഭിക്കുകയും അതിലേയ്ക്ക് മുഴുവൻ സമയം ഒരു Patient care Coordinator-നെ നിയമിക്കുകയും ഒരു ഡോക്ടറിന് നോഡൽ ഓഫീസറുടെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. രോഗികളുടെ രജിസ്ട്രേഷൻ, ബോധവൽക്കരണം, രോഗീപരിചരണത്തിന്റെ ഭാഗമായുള്ള പരിശോധനകൾ കൃത്യമായ ഇടവേളകളിൽ ലഭ്യമാക്കുക, കുട്ടിൾക്കുള്ള പ്രൊഫൈലാക്സിസ് തുടങ്ങിയവ നടത്തുക എന്നിവയാണ് പ്രാധാനമായി ജില്ലാ ഡേ കെയർ സെന്ററുകൾ ചെയ്തു വരുന്നത്. ഇത് കൂടാതെ ജില്ലയിൽ ലഭ്യമായ മറ്റു സേവനങ്ങൾ രോഗികൾക്ക് പ്രയോജനകരമായ രീതിയിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താനും ജില്ലാ ഡേ കെയർ സെന്ററുകൾ ശ്രമിച്ചു വരുന്നു.

ദേശീയ സിക്കിൾ സെൽ അനീമിയ മിഷന്റെ ഭാഗമായി വയനാട് ജില്ലയിലെ ആദിവാസി വിഭാഗം ഉൾപ്പെടെയുള്ള മുഴുവൻ ആളുകളിലും സിക്കിൾസെൽ അനീമിയ സ്ക്രീനിംഗ് ടെസ്റ്റുകൾ നടത്തി വരുന്നു . മുൻകാലങ്ങളിൽ നടത്തിയിട്ടുള്ള 1,21,076 ടെസ്റ്റുകൾക്ക് പുറമെ നിലവിൽ നടത്തിയിട്ടുള്ള 1,10,000 ടെസ്റ്റുകൾ ഉൾപ്പെടെ ആകെ 2,31,076 പേരെ ഇതിനകം പരിശോധിച്ച് കഴിഞ്ഞിട്ടുണ്ട്. ഇവർക്ക് രോഗം മൂർച്ഛിക്കാതിരിക്കുന്നതിന് Hydroxyurea, Folic acid എന്നീ മരുന്നുകളുടെ ചികിത്സ നൽകി വരുന്നുണ്ട് . കേന്ദ്ര പദ്ധതിയിലുൾ ക്കൊള്ളിച്ചിരിക്കുന്ന വയനാട് ജില്ല കൂടാതെ പാലക്കാട് ജില്ലയിലെ അട്ടപ്പാടി , മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖലകളിൽ കൂടി രോഗസാധ്യത കണക്കിലെടുത്ത് സ്ക്രീനിംഗ് ടെസ്റ്റുകൾ വ്യാപിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട് . ഈ മേഖലയിലുള്ളവർക്കും ഇതിനോടകം Hydroxyurea, Folic acid എന്നീ മരുന്നുകളുടെ ചികിത്സ നൽകി വരുന്നുണ്ട്. സിക്കിൾ സെൽ അനീമിയ ബാധിതർക്ക് ചികിത്സ ആവശ്യങ്ങൾക്ക് വയനാട് മാനന്തവാടി മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രത്യേക വാർഡ് സൗകര്യവും സജ്ജമാക്കിയിട്ടുണ്ട്.

പാലക്കാട് വയനാട് ജില്ലകളിൽ പോഷകാഹാരക്കുറവ് ഉള്ള കുട്ടികൾക്ക് വേണ്ടി പ്രത്യേക പരിചരണത്തിനായി Nutrition Rehabilitation Centre (NRC)-കൾ പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി , പാലക്കാട് ജില്ലയിലെ അഗളി, ഷോളയൂർ, പുതൂർ എന്നിവിടങ്ങളിലാണ് നിലവിൽ Nutrition

Rehabilitation Centre (NRC)-കൾ പ്രവർത്തിക്കുന്നത് . ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികളെയാണ് ഇവിടെ പ്രവേശിപ്പിച്ച് ആവശ്യമായ പോഷകാഹാരങ്ങളും മെഡിക്കൽ സേവനങ്ങളും നൽകുന്നത് . കുട്ടികളുടെ പോഷകാഹാര നിലവാരം മെച്ചപ്പെടുന്ന മുറയ്ക്ക് നിശ്ചിത മാനദണ്ഡങ്ങൾ ക്കനുസൃതമായി ഡിസ്ചാർജ്ജ് ചെയ്യുകയും പദ്ധതിയുടെ ഭാഗമായി തുടർ നിരീക്ഷണം നടത്തുകയും ചെയ്യുന്നു. കുഞ്ഞുങ്ങളുടെ പ്രായത്തിന് അനുസൃതമായ ആഹാരക്രമം പാലിക്കുക, പോഷകാഹാരം നഷ്ടപ്പെടാതെയുള്ള പാചകരീതികൾ, ആരോഗ്യപ്രശ്നങ്ങൾ നേരത്തെ തിരിച്ചറിയുന്നതിനുള്ള പരിശീലനങ്ങൾ എന്നിവ Nutrition Rehabilitation Centre (NRC) മുഖേന മാതാപിതാക്കൾക്ക് നൽകുന്നു.

ഗർഭിണികളിലെ പോഷകാഹാരക്കുറവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ശിശു മരണങ്ങൾക്കും നവജാത ശിശുക്കളിലെ ഭാരക്കുറവിനും കാരണമാകുന്നുണ്ട് . ആയതിനാൽ ഗർഭിണികളിലെ പോഷകാഹാരവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകി വരുന്നു. ഗർഭിണികളെ ആദ്യത്തെ മൂന്നു മാസത്തിനുള്ളിൽ തന്നെ കണ്ടെത്തി ആവശ്യ പരിചരണം നൽകുവാൻ നിർദ്ദേശം നൽകി നടപ്പിലാക്കി വരുന്നു. അട്ടപ്പാടിയിൽ ജെ.പി.എച്ച്.എൻ., ആശ വർക്കർ ട്രൈബൽ പ്രമോട്ടർ , കുടുംബശ്രീ ആനിമേറ്റർ, അംഗൻവാടി വർക്കർ എന്നീ ജീവനക്കാർ ആഴ്ച തോറുമുള്ള ഗ്രഹസന്ദർശനം നടത്തിയതിന്റെ റിപ്പോർട്ടുകൾ സബ് സെന്ററിൽ വെച്ച് അവലോകനം നടത്തുകയും ആയത് എല്ലാ വെള്ളിയാഴ്ചയും സബ് കളക്ടറുടെ നേതൃത്വത്തിൽ വിശകലനം നടത്തുകയും ചെയ്യുന്നുണ്ട്. ഗർഭിണികളിലെ അനീമിയ, ഗ്ലൂക്കോസിന്റെ തോത് എന്നിവ കുറച്ച് അതിലൂടെ ഗർഭാവസ്ഥയുടെ സങ്കീർണ്ണതകളും നവജാത ശിശു മരണ നിരക്കും കുറയ്ക്കുകയാണ് ലക്ഷ്യം.

## അനുബന്ധം II

## ഗോത്ര-തീരദേശ-വിദൂരപ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിനു കീഴിൽ (2210-03-110-93) ലഭ്യമായ പ്രൊപ്പോസലുകളും ഭരണാനുമതിയുടെ വിശദാംശങ്ങളും

**ഭരണാനുമതി ലഭിച്ചവ**

| ക്രമ നമ്പർ | സാമ്പത്തിക വർഷം | ലഭ്യമായ പ്രൊപ്പോസലുകൾ | ഭരണാനുമതി തുക |
|---|---|---|---|
| 1. | 2018-19 | FHC വെള്ളരിക്കുണ്ട്, കാസർഗോഡ് | 200 ലക്ഷം |
| 2. | 2019-20 | താലൂക്ക് ആശുപത്രി വിതുര, തിരുവനന്തപുരം | 200 ലക്ഷം |
| 3. | 2021-22 | ഫാർമസി കെട്ടിടം, PHC കരുളായി, മലപ്പുറം | 36.5 ലക്ഷം |
| 4. | 2021-22 | FHC പുതുപ്പാടി, കോഴിക്കോട് | 50 ലക്ഷം |
| 5. | 2021-22 | PHC പന്നികോട്ടൂർ, കോഴിക്കോട് | 150 ലക്ഷം |
| 6. | 2021-22 | FHC ചിറ്റാർ, പത്തനംതിട്ട | 200 ലക്ഷം |
| 7. | 2021-22 | PHC സുഗന്ധഗിരി, വയനാട് | 100 ലക്ഷം |
| 8. | 2021-22 | സ്ക്രീനിംഗ് ബ്ലോക്ക്, ക്യാന്റീൻ, പെയിന്റിംഗ്, GTSH കോട്ടത്തറ പാലക്കാട് | 65.5 ലക്ഷം |
| 9. | 2021-22 | ഡയാലിസിസ്, കീമോതെറാപ്പി, ഫിസിയോതെറാപ്പി, അഗ്നിസുരക്ഷാ സമ്പ്, GTSH കോട്ടത്തറ, പാലക്കാട് | 300 ലക്ഷം |
| 10. | 2021-22 | സ്റ്റാഫ് ക്വാർട്ടേഴ്സ്, ഡോക്ടേഴ്സ് ക്വാർട്ടേഴ്സ്, GTSH കോട്ടത്തറ, പാലക്കാട് | 270 ലക്ഷം |
| 11. | 2021-22 | FHC കരുവാറ്റ, ആലപ്പുഴ | 230 ലക്ഷം |
| 12. | 2022-23 | സി.ടി. സ്കാൻ, കോട്ടത്തറ, പാലക്കാട് | 300 ലക്ഷം |

| | | | |
|---|---|---|---|
| 13. | 2022-23 | ആന്റീ റാബീസ് ക്ലിനിക്കുകൾ, വിവിധ ആശുപത്രികൾ എല്ലാ ജില്ലകളിലും | 199 ലക്ഷം |
| 14. | 2022-23 | സാമൂഹികാരോഗ്യ കേന്ദ്രം, റാന്നി പെരുനാട്, പത്തനംതിട്ട | 225 ലക്ഷം |
| 15. | 2022-23 | FHC വെറ്റിലപ്പാറ, തൃശ്ശൂർ | 150 ലക്ഷം |
| 16. | 2022-23 | ഡ്രഗ്ഗ് സ്റ്റോർ, താലൂക്ക് ആശുപത്രി, വൈത്തിരി, വയനാട് | 100.96 ലക്ഷം |
| 17. | 2022-23 | സാമൂഹികാരോഗ്യ കേന്ദ്രം, പെരിയ, വയനാട് | 139.5 ലക്ഷം |
| 18. | 2022-23 | ഇമ്മ്യൂണൈസേഷൻ കെട്ടിടം, FHC തില്ലങ്കേരി, കണ്ണൂർ | 62.59 ലക്ഷം |
| 19. | 2023-24 | ഒ.പി. ബ്ലോക്ക്, അഗ്നിസുരക്ഷാ സമ്പ്, GTSH കോട്ടത്തറ, പാലക്കാട് (അധിക തുക) | 15 ലക്ഷം |
| 20. | 2023-24 | അൾട്രാസൗണ്ട് മെഷീൻ, നിലമ്പൂർ, മലപ്പുറം | 11.86 ലക്ഷം |
| 21. | 2023-24 | ഉപകരണങ്ങൾ ഫിഷറീസ് ഡിസ്പെൻസറി, ആറാട്ടുപുഴ, ആലപ്പുഴ | 4.63 ലക്ഷം |
| 22. | 2023-24 | ഉപകരണങ്ങൾ, താലൂക്ക് ആശുപത്രി വർക്കല, തിരുവനന്തപുരം | 110.63 ലക്ഷം |
| 23. | 2023-24 | FHC തൊട്ടപ്പിള്ളി, ആലപ്പുഴ, മെയിന്റെനൻസ് | 5 ലക്ഷം |
| 24. | 2023-24 | മെഡിക്കൽ ഗ്യാസ് പൈപ്പ് ലൈൻ, താലൂക്ക് ആശുപത്രി വർക്കല, തിരുവനന്തപുരം | 37.3 ലക്ഷം |
| 25. | 2023-24 | HT കണക്ഷൻ, CCTV, ബ്ലഡ് സെപ്പറേഷൻ യൂണിറ്റ്, കെട്ടിടം, W&C ആശുപത്രി, ആലപ്പുഴ | 98.76 ലക്ഷം |

| | | | |
|---|---|---|---|
| 26. | 2023-24 | ട്രൈബൽ മോണിറ്ററിംഗ് & സർവെയിലൻസ് യൂണിറ്റ്, കൽപ്പറ്റ, വയനാട് | 294 ലക്ഷം |

തീരദേശത്തേയും വിദൂര പ്രദേശത്തേയും ആശുപത്രികളിലെ വികസനത്തിനായി താഴെപ്പറയും പ്രകാരം സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി തുകകൾ അനുവദിച്ചിട്ടുണ്ട്.

**തിരുവനന്തപുരം:**

- വിതുര താലൂക്ക് ആശുപത്രി - 2,00,00,000/-രൂപ (2019-20)
- വർക്കല താലൂക്ക് ആശുപത്രി - 1,10,63,574/-രൂപ (2023-24)
- വർക്കല താലൂക്ക് ആശുപത്രി - 1,53,446/-രൂപ (2024-25)

തീരദേശത്തും വിദൂര പ്രദേശത്തും സ്ഥിതി ചെയ്യുന്ന സാധാരണക്കാരായ ജനങ്ങൾ ആശ്രയിക്കുന്ന ആശുപത്രികളിൽ, ഗോത്ര-തീരദേശ-വിദൂര പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ തുക അനുവദിക്കുന്നത് ടി പ്രദേശത്തെ ആരോഗ്യ സ്ഥാപനങ്ങളെ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിക്കും.

**പത്തനംതിട്ട:** വിദൂര പ്രദേശങ്ങളിൽ എല്ലാം തന്നെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളും, അവയുടെ സബ് സെന്ററുകളും പ്രവർത്തിച്ചു വരുന്നു. എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള പെരുനാട് പഞ്ചായത്തിന്റെ നിലക്കൽ , ശബരിമല മാസ്റ്റർ പ്ലാനോട് അനുബന്ധിച്ച് പുതിയ ആശുപത്രി നിർമ്മിക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. നിലവിൽ നിലയ്ക്കൽ ആശുപത്രി ദേവസ്വം ബിൽഡിംഗിൽ പ്രവർത്തിച്ചുവരുന്നു. ട്രൈബൽ ഫണ്ടിലേക്കായി 16,50,000/-രൂപ ലഭിക്കുകയും, 7,39,830/- രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ട്രൈബൽ പ്രദേശങ്ങളിൽ കുട്ടികളുടെ മാനസികാരോഗ്യ സംരക്ഷണത്തിന്റെ ഭാഗമായി മാസത്തിൽ ഒരിക്കൽ ജില്ലാതല മാനസികാരോഗ്യ ടീം ഗവി പ്രദേശം സന്ദർശിച്ച് ആവശ്യമായ നിർദ്ദേശം നൽകുകയും, സ്കൂളുകളിൽ കാഴ്ച വൈകല്യങ്ങൾ വിലയിരുത്തുകയും, പകർച്ചവ്യാധികൾ തടയുന്നതിനുള്ള നടപടി സ്വീകരിക്കുകയും വിരമുക്തി ദിനം പോലെയുള്ള ആരോഗ്യ പദ്ധതികൾ യഥാവിധി നടത്തുകയും

ചെയ്യുന്നുണ്ട്. ആദിവാസി കുട്ടികൾക്ക് പ്രാഥമിക ചികിത്സയും, മരുന്നുകളും കൃത്യമായി നൽകി വരികയും, ന്യൂട്രീഷ്യൻ, ലെപ്രസി പ്രോഗ്രാം, ഡയറ്റീഷ്യൻ പ്രോഗ്രാം എന്നിവ കൃത്യമായി നടത്തി വരികയും വരുന്നു.

**ആലപ്പുഴ:** കരുവാറ്റ ടി .ബി. ക്ലിനിക്ക്-ലെ വർക്കുകളുടെ എസ്റ്റിമേറ്റുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിരുന്നത് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനിയറുടെ അംഗീകാരത്തോടെ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട് . ജനറൽ ആശുപത്രിയുടെ IP ബ്ലോക്കിന്റെ ഏകദേശം 100 കോടി രൂപയുടെ വലിയ പദ്ധതി ആയതിനാൽ വിശദമായ പ്ലാനും എസ്റ്റിമേറ്റും സമർപ്പിക്കുന്നതിന് ആശുപത്രി സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആലപ്പുഴ വനിത ശിശു ആശുപത്രിയിൽ നിന്നും സിസിടിവി സ്ഥാപിക്കൽ (32,13,000/-രൂപ), HT കണക്ഷൻ & TOD മീറ്റർ സ്ഥാപിക്കൽ (49,00,000/-രൂപ) എന്നീ രണ്ട് പദ്ധതികൾക്കായി പ്ലാൻ എസ്റ്റിമേറ്റ് അടക്കമുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷം ഇതിനായി ഫണ്ട് അനുവദിച്ചിട്ടില്ല.

**ഇടുക്കി:** ജില്ലയിൽ വിദൂര മേഖലയായ ഇടമലക്കുടി എഫ് .എച്ച്.സിക്ക് അനുബന്ധമായി സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിന് ദേശീയ ആരോഗ്യ ദൗത്യം മുഖേന 169.67 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

**കോട്ടയം:** ജില്ലയിൽ തീരദേശമില്ല. വിദൂര പ്രദേശങ്ങളിൽ ഒറ്റപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളിൽ ആരോഗ്യ സ്ഥാപനങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല.

**എറണാകുളം:**

| ക്രമ നമ്പർ | സ്ഥാപനം | ജോലിയുടെ പേര് | അനുവദിച്ച വർഷം | അനുവദിച്ച തുക (രൂപയിൽ) | ഏജൻസി | ഭരണാനുമതി തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|---|
| 1. | എസ്.സി. മാലിപ്പുറം | എച്ച്.ഡബ്ല്യു.സി.ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം(ആർ.ഓ.പി. ജോലി) | 2021-22 | 67 ലക്ഷം | കെൽ | 67 ലക്ഷം | 26/12/2022-ന് പണി ആരംഭിച്ചു. 85 ശതമാനം ജോലികളും |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | പൂർത്തീകരിച്ചു. |
| 2. | എസ്.സി. അയ്യമ്പിള്ളി | എച്ച്.ഡബ്ല്യു.സി.ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണം(ആർ.ഓ.പി. ജോലി) | 2021-22 | 67 ലക്ഷം | കെൽ | 67 ലക്ഷം | പ്രാരംഭ സൈറ്റ് മാറി. പുതിയ സൈറ്റ് അനുസരിച്ച് ഡ്രോയിംഗ് തയ്യാറാക്കി. പുതുക്കിയ ഭരണാനുമതി 27.11.2023-ന് നൽകി. 07.02.2024-ന് ടെണ്ടർ അനുമതി നൽകി. 11.03.2024-ന് പണി ആരംഭിച്ചു. |
| 3. | താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ വടക്കൻ പറവൂർ | ഇ.സി.ആർ.പി.- പീഡിയാട്രിക് കെയർ യൂണിറ്റുകൾ (ഐ.സി.യു) സ്ഥാപിക്കൽ | 2021-22 | 6.75 ലക്ഷം | ഹൈറ്റ്സ് | 14.01 ലക്ഷം | 21.01.2022-ന് പണി ആരംഭിച്ചു. പണി പൂർത്തിയാക്കി 12.04.2022 ന് ആശുപത്രി അധികൃതർക്ക് കൈമാറി |
| 4. | സി .എച്ച്.സി. മുനമ്പം | ആർദ്രം- സി.എച്ച്.സി.യെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ആയി മാറ്റൽ- രണ്ടാം ഘട്ടം | 2021-22 | 35 ലക്ഷം | സിൽക്ക് | 35 ലക്ഷം | 13.01.2023-നാണ് ഭരണാനുമതി നൽകിയത്. 23.02.2023-ന് ടെണ്ടർ അനുമതി നൽകി. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | 14.02.2024-ന് പണി ആരംഭിച്ചു. 20 ശതമാനം പണി പൂർത്തിയായി. |

**കൊല്ലം, പാലക്കാട്, തൃശ്ശൂർ മലപ്പുറം, വയനാട്, കണ്ണൂർ** ജില്ലകളിൽ തീരദേശ/വിദൂര പ്രദേശ ആരോഗ്യ സ്ഥാപനങ്ങളുടെയും ആശുപത്രികളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഫണ്ട് നൽകിയിട്ടില്ല.

**കോഴിക്കോട്:** സർക്കാർ ജനറൽ ആശുപത്രിയുടെ വികസനത്തിനായി 164 കോടി രൂപയുടെ കിഫ്ബി ഫണ്ടിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട് . കൊയിലാണ്ടി താലൂക്കാശുപത്രിയുടെ വികസനത്തിനായി 30 കോടിയുടെ കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**കാസർഗോഡ് :** ജില്ലയിൽ 2210-03-110-93 ശീർഷകത്തിൽ പേ വിഷബാധക്കെതിരെയുള്ള ക്ലിനിക്കുകളിൽ (Anti Rabies Clinic) താഴെ പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

1. മൃഗങ്ങളുടെ കടിയേറ്റവർക്ക് മുറിവുകൾ കഴുകാനുള്ള പ്രത്യേക സ്ഥലം , വെള്ളം
2. കടിയേറ്റവർക്ക് സ്വകാര്യത ഉറപ്പാക്കി ഇരിക്കാനുള്ള സൗകര്യം.
3. വാക്സിൻ എടുക്കേണ്ടത് സംബന്ധിച്ച ബോധവത്ക്കരണ ബോർഡ്.
4. ആവശ്യമായ ഉപകരണങ്ങൾ.